ഫെബ്രുവരി 25, 2014

# ബിജെപിയും ന്യൂനപക്ഷങ്ങളും

ബിജെപിയുടെ ന്യൂനപക്ഷ മോർച്ചയും രാഷ്ട്രീയ മുസ്ലിം മഞ്ചും ഇന്ന് ന്യൂദൽഹിയിൽ ഒരു സമ്മേളനം സംഘടിപ്പിക്കുകയുണ്ടായി. അതിന്റെ ഉദ്ഘാടനസമ്മേളനത്തിൽ ഞാനും പങ്കെടുത്തു. പാർട്ടി പ്രസിഡന്റ് ശ്രീ. രാജ്നാഥ് സിംഗാണ് സമ്മേളനം ഉദ്ഘാടനം ചെയ്തത്. സമ്മേളനത്തിൽ പങ്കെടുത്ത പ്രതിനിധികളുടെ പ്രതികരണം വളരെ ഉത്സാഹഭരിതമായിരുന്നു.

ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ ബിജെപിയെക്കുറിച്ച് ഭയമുളവാക്കുന്ന തരത്തിലുള്ള സംഘടിത പ്രചാരണമാണ് വർഷങ്ങളായി നടന്നുവരുന്നത്. എന്നാൽ, ബിജെപിക്ക് ന്യൂനപക്ഷവിഭാഗങ്ങളോട് വിവേചനമില്ലെന്നുള്ള അവസ്ഥ അവർക്കിടയിൽ ബോദ്ധ്യപ്പെടുത്തുന്നതിന് പാർട്ടിപ്രവർത്തകർക്ക് കഠിനപ്രയത്നം നടത്തേണ്ടിവന്നു. ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ അടുത്തകാലത്തുണ്ടായ സംഭവവികാസങ്ങൾ പാർട്ടിയുടെ ന്യൂനപക്ഷനിലപാട് വ്യക്തമാക്കാൻ കഴിഞ്ഞു. 1984-ൽ ദൽഹിയിലുണ്ടായ സിഖ് വിരുദ്ധ പ്രക്ഷോഭങ്ങൾക്കുശേഷം സിക്ക് വിഭാഗങ്ങളുമായി ബിജെപിക്ക് വളരെ ആശ്വാസകരമായ ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞു. പഞ്ചാബ്, ദില്ലി, രാജസ്ഥാൻ, മദ്ധ്യപ്രദേശ്, ഛത്തീസ്ഗഢ്, ഉത്തരാഖണ്ഡ് തുടങ്ങിയ പ്രദേശങ്ങളിലെ സിക്ക് വിഭാഗം സംസ്ഥാന നിയമസഭകളിലേക്കും പാർലമെന്റിലേക്കും ബിജെപി ടിക്കറ്റിൽ വിജയിക്കുകയുണ്ടായി. സിഖ് സമുദായത്തിൽപ്പെട്ട ധാരാളം രാഷ്ട്രീയപ്രവർത്തകർ ഇന്ന് രാജ്യമാകെ ബിജെപിക്കുവേണ്ടി പ്രവർത്തിക്കുന്നുണ്ട്.

ഗോവയിൽ അവസാനം നടന്ന തെരഞ്ഞെടുപ്പിൽ ക്രിസ്ത്യൻ വിഭാഗത്തിൽപ്പെടുന്ന ധാരാളം അംഗങ്ങൾ ബിജെപി ടിക്കറ്റിൽ മത്സരിച്ചിരുന്നു. ഗോവയിലെ മിക്കവാറുമുള്ള ന്യൂനപക്ഷവിഭാഗങ്ങൾ ബിജെപിക്കുവേണ്ടി വോട്ടു ചെയ്യുകയുണ്ടായി. ഗോവയിൽ ബിജെപിക്കും ക്രിസ്ത്യൻ സമുദായത്തിനും ഇടയ്ക്കുണ്ടായിരുന്ന അകലം ഇതുവഴി ഇല്ലാതായി. ഉപമുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ടവരായിരുന്നു. ഈയിടെ നടന്ന രാജസ്ഥാൻ നിയമസഭാ തെരഞ്ഞെടുപ്പിൽ രണ്ടു സിക്കുകാരും രണ്ടു മുസ്ളിങ്ങളും ഉൾപ്പെടുന്ന നാലംഗങ്ങളായിരുന്നു ന്യൂനപക്ഷസമുദായത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടത്. ഈ നാലുപേരും ബിജെപിയിൽപ്പെട്ടവരായിരുന്നു. ഗുജറാത്തിലും മദ്ധ്യപ്രദേശിലും പ്രാദേശികതലത്തിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ ന്യൂനപക്ഷവിഭാഗത്തിൽപ്പെടുന്ന ധാരാളം അംഗങ്ങൾ തെ രഞ്ഞെടുക്കപ്പെട്ടിരുന്നു. എവിടെയൊക്കെയാണോ ബിജെപി ന്യൂനപക്ഷ സ്ഥാനാർത്ഥികളെ മത്സരിപ്പിച്ചിട്ടുള്ളത്, ആ വിഭാഗത്തിൽപ്പെടുന്ന പ്രവർത്തകരെ നേതാക്കന്മാരായി വാർത്തെടുത്തപ്പോഴെല്ലാം വോട്ടർമാരിൽ നിന്നും വളരെ നല്ല പ്രതികരണമാണ് ലഭിച്ചത്.

മറ്റുള്ളവരിൽ നിന്ന് ബിജെപിയെ വിഭിന്നമാക്കുന്നത് നമ്മൾ രാഷ്ട്രീയാധികാരം ലഭിക്കുന്നതിനുവേണ്ടി ന്യൂനപക്ഷവിഭാഗക്കാരെ ഉപകരണങ്ങളാക്കി മാറ്റിയിട്ടില്ല എന്നതാണ്. മറ്റു പൗരന്മാർക്കൊപ്പം അവരെ പരിഗണിക്കാനും പ്രശ്നങ്ങൾ തുല്യരീതിയിൽ പരിഹരിക്കപ്പെടാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഈ സമ്മേളനത്തിൽ 'അക്രമരഹിതരാഷ്ട്ര'വും അതോടൊപ്പം ന്യൂനപക്ഷവിഭാഗങ്ങളുൾപ്പെടെ എല്ലാ പൗരന്മാർക്കും സുരക്ഷിതത്വവും ഉറപ്പു വരുത്തുക എന്നുള്ളതാണ് പ്രധാന ലക്ഷ്യം. എല്ലാ വിഭാഗങ്ങളെയും തുല്യരീതിയിൽ വിവേചനം കൂടാതെ പരിഗണിക്കുക എന്നുള്ളതും നമ്മുടെ ലക്ഷ്യമാണ്. ഓരോ ഭാരതീയന്റെയും സാമ്പത്തിക പുരോഗതി ലക്ഷ്യമാക്കിക്കൊണ്ട് ന്യൂനപക്ഷവിഭാഗങ്ങളുടെ ഉന്നമനത്തിനും അതുവഴി നമ്മുടെ ജീവിതനിലവാരം ഉയർത്തുന്നതിനും നാം പ്രതിജ്ഞാബദ്ധരാണ്.

നമ്മെ എതിർക്കുന്നവർ സൃഷ്ടിച്ച തെറ്റിദ്ധാരണകളും അതുവഴി ന്യൂനപക്ഷ സമുദായങ്ങളെ സംരക്ഷിക്കുക എന്ന ലക്ഷ്യവും മുൻനിർത്തി കുറഞ്ഞത് ഇതുപോലെയുള്ള ആയിരം സമ്മേളനങ്ങളെങ്കിലും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കണമെന്നാണ് നമ്മുടെ തീരുമാനം.